<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3321 — 08/11/2019- ൽ മറുപടിയ്ക്ക്

## റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. എം.ഉമ്മർ<br>ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ആർ.സി.ഇ.പി. കരാറിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത കരാർ കാർഷിക മേഖലയെ എങ്ങനെ ബാധിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ;<br><br>(സി) സംസ്ഥാനത്തിന്റെ ഇതു സംബന്ധിച്ച ആശങ്കകൾ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; | (ബി) & (സി) ഉണ്ട്. RCEP മൂലം കാർഷിക മേഖല , മൃഗസംരക്ഷണ, ക്ഷീരമേഖല, മത്സ്യ ബന്ധന മേഖല, വ്യവസായ മേഖല , ആരോഗ്യ മേഖല, ചെറുകിട വ്യവസായ വ്യാപാര മേഖല എന്നീ മേഖലകളുടെ തകർച്ചയും അതു മൂലമുണ്ടാകുന്ന തൊഴിൽ നഷ്ടവുമാകും കരാറിന്റെ ആകെ തുക.<br>ആസ്ട്രേലിയ, ന്യൂസിലാന്റ് എന്നിവർ പാലിന്റേയും പാൽ ഉൽപ്പന്നങ്ങളുടെയും ശക്തരായ കയറ്റുമതിക്കാരാണ്. ആ രാജ്യങ്ങളിൽ നിന്നുള്ള പാലിന്റെയും പാൽ ഉത്പന്നങ്ങളുടെയും ഇറക്കുമതി ചെറുകിട കർഷകരേയും പാൽ സഹകരണ സംഘങ്ങളെയും പ്രതിസന്ധിയിലാക്കും . സോയാബീൻ എണ്ണ, ഗോതമ്പ് , മത്സ്യം എന്നിവയുടെ നല്ല കയറ്റുമതിക്കാരാണ് ആസ്ട്രേലിയ. ആസിയൻ രാജ്യങ്ങളിൽ നിന്നുള്ള സ്വാഭാവിക റബർ, അരി , പാം ഓയിൽ , തേയില, കാപ്പി, കുരുമുളക്, മത്സ്യം എന്നിവ നമുക്ക് കൂടുതൽ ഭീഷണിയാകുവാൻ പോവുകയാണ്. വിയറ്റ്നാമിൽ നിന്നുമുള്ള പൗൾട്രി ഉത്പന്നങ്ങൾ ഇന്ത്യയിലെ കർഷകർക്ക് വൻ ഭീഷണിയാണ്. കരാർ മുഖാന്തരം സംഭവിക്കുന്ന കാർഷിക ഉല്പാദന മേഖലയുടെ തകർച്ച വൻ തോതിൽ തൊഴിലവസരങ്ങൾ ഇല്ലാതാക്കും. പുതിയ |

'RCEP വ്യാപാര കരാർ നടപ്പിലാക്കുന്നതോടെ വ്യവസായ തകർച്ച നേരിടുന്ന ഒരു രാജ്യം ഇന്ത്യയാണ് . ഈ സമയത്താണ് നാം വ്യവസായ രംഗത്തെ കരുത്തരായ ചൈനയും , ജപ്പാനും ദക്ഷിണകൊറിയയും ഉൾപ്പെട്ട ഒരു സ്വതന്ത്ര വ്യാപാര കരാറിന് ശ്രമിക്കുന്നത് . ആഗോളവത്കരണകാലത്തെ ഇറക്കുമതികൊണ്ട് 10 ലക്ഷത്തോളം ചെറുകിട വ്യവസായങ്ങൾ പ്രതിസന്ധിയിലായതിന് പ്രധാന കാരണം ചൈനയിൽ നിന്നും ജപ്പാനിൽനിന്നും ദക്ഷിണ കൊറിയയിൽനിന്നുമുള്ള ഇറക്കുമതിയാണെന്നിരിക്കെ പുതിയ കരാർ പ്രകാരം ഇറക്കുമതി തീരുവ വീണ്ടും കുറച്ചാൽ വ്യവസായ മേഖലയുടെ സ്ഥിതി പരിതാപകരമാകും. ബൗദ്ധിക സ്വത്തവകാശ (IPR) നിയമത്തിൽ മറ്റ് വികസിത രാജ്യങ്ങൾ നിർദേശിക്കുന്ന മാറ്റങ്ങൾ വരുത്തിയാൽ ഭാരതത്തിലെ മരുന്ന് വ്യവസായം തകരുകയും മരുന്നുൽപ്പാദന മേഖലയിലെ കുത്തകകൾ അനിയന്ത്രിതമായി വില വർദ്ധിപ്പിക്കുകയും ചെയ്താൽ ആരോഗ്യ രംഗം സാധാരണക്കാരന് അപ്രാപ്യമാകും. RCEP കരാർ വ്യവസ്ഥ പ്രകാരം സർക്കാർ വാങ്ങലിൽ ( Government Procurement ) RCEP രാജ്യങ്ങളിൽ നിന്നുള്ള കമ്പനികൾക്ക് തുല്യ പരിഗണന നൽകേണ്ടി വന്നാൽ അത് നമ്മുടെ മരുന്ന് വ്യവസായത്തേയും ബാധിക്കും. ഇത് ഇന്ത്യൻ സമ്പദ്ഘടന തകർക്കും.

സംസ്ഥാനങ്ങളുടേയും, ജനങ്ങളുടേയും എതിർപ്പ് അവഗണിച്ച് കൊണ്ട് നടപ്പിലാക്കാൻ പോകുന്ന കരാറിൽ പ്രതിഷേധിച്ച് '' RCEP കരാറും - കേരളവും '' എന്ന വിഷയത്തിൽ 28/10/2019-ൽ തിരുവനന്തപുരത്ത് വച്ച് ഒരു പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യ മന്ത്രി പ്രസ്തുത ശിൽപ്പശാല ഉത്ഘാടനം നിർവ്വഹിക്കുകയും, ബഹു. പ്രതി പക്ഷ നേതാവ് , ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി, ബഹു. വ്യവസായ വകുപ്പ് മന്ത്രി, ബഹു. ജലസേചന വകുപ്പ് മന്ത്രി, ബഹു . ഫിഷറീസ് വകുപ്പ് മന്ത്രി, ബഹു. മൃഗ സംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി , വിവിധ രംഗങ്ങിലെ വിദഗ്ധർ എന്നിവരേയും പങ്കെടുപ്പിച്ച കൊണ്ട് നടത്തിയ ശിൽപ്പശാലയിൽ 3,000-ത്തിൽ അധികം കർഷകർ പങ്കെടുക്കുകയും ചെയ്തു. കാർഷിക മേഖല, മൃഗസംരക്ഷണ - ക്ഷീര

മേഖല, മത്സ്യ, ബന്ധന മേഖല, വ്യവസായ മേഖല , ആരോഗ്യ മേഖല , ചെറുകിട വ്യവസായ വ്യാപാര മേഖല എന്നീ മേഖലകളുടെ തകർച്ചയും അതുമൂലമുണ്ടാകുന്ന തൊഴിൽ നഷ്ടവുമാകും കരാറിന്റെ ആകെത്തുക എന്നിരിക്കെ നിയന്ത്രണങ്ങളും നികുതിയുമില്ലാതെ സംസ്ഥാനങ്ങളുടെയും, ജനങ്ങളുടെയും എതിർപ്പ് അവഗണിച്ച് നടപ്പിലാക്കുവാൻ പോകുന്ന ആർ. സി .ഇ. പി. കരാർ ഇന്ത്യൻ സമ്പദ് ഘടന തകർക്കും എന്നതിനാൽ ഈ കരാറിൽ നിന്നും ഇന്ത്യ പിൻവാങ്ങണം എന്ന് ഏകകണ്ഠമായി ആവശ്യപ്പെടുകയുണ്ടായി.

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് പ്രഖ്യാപിച്ചിട്ടുള്ള വില സ്ഥിരതാ പദ്ധതിയിൽ ഒരു കിലോ റബ്ബറിന് നിശ്ചയിച്ച വില നൂറ്റി അമ്പത് രൂപ എന്നത് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം പ്രകാരം ലഭിക്കുന്ന നിലവിലുള്ള വിലയായ 150/- രൂപ അപര്യാപ്തമായതു കൊണ്ട് വില കിലോയ്ക്ക് 200/- രൂപ എങ്കിലും ആക്കി വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം പരിഗണിച്ച് കേന്ദ്രസർക്കാരിന്റെ സഹകരണം ലഭ്യമാക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിന്റെ മുന്നിൽ സമർപ്പിച്ചിട്ടുണ്ട്. |

Sunilathim

**സെക്ഷൻ ഓഫീസർ**